പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:103 — 07.06.2018 ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. അനിൽ അക്കര | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) |

## വൻകിട കമ്പനികളിൽ നിന്നും ഭൂമി ഏറ്റെടുത്ത നടപടി

| | | |
|---|---|---|
| (എ) | ഹാരിസൺ, റ്റി.ആർ. ആന്റ് റ്റി. തുടങ്ങിയ വൻകിട കമ്പനികളും വ്യക്തികളും നിയമവിരുദ്ധമായി കൈവശം വച്ചിരുന്ന 38170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാരണങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഏറ്റെടുക്കൽ റദ്ദാക്കിയത് ; | (എ) ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ 11/4/2018 ലെ WP(C)33122/14 ലെ ഉത്തരവ് പ്രകാരം ഹാരിസൺസ് മലയാളം കമ്പനി ലിമിറ്റഡ്, ഗോസ്പൽ ഫോർ ഏഷ്യ, റ്റി.ആർ & റ്റി, ബോയ്സ് എസ്റ്റേറ്റ്, റിയ എന്നീ കമ്പനികളിൽ നിന്നും ഭൂമി ഏറ്റെടുക്കുവാനുള്ള സ്പെഷ്യൽ ഓഫീസറുടെ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. പ്രസ്തുത കമ്പനികൾ വിവിധ അധികാര കേന്ദ്രങ്ങളിൽ നിന്നും ഭൂമി അവരുടെതാണെന്ന് സ്ഥാപിക്കുന്നതിന് അനുകൂലമായ സർട്ടിഫിക്കറ്റുകളും, ഉത്തരവുകളും മറ്റും സമ്പാദിച്ചിരുന്നു. ടി ഉത്തരവുകളും / സർട്ടിഫിക്കറ്റുകളും മറ്റും അസാധുവാണെന്ന് പ്രഖ്യാപിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് കെ.എൽ.സി ആക്റ്റ് പ്രകാരം നടപടി സ്വീകരിക്കുവാൻ നിയുക്തനാക്കിയിട്ടുള്ള സ്പെഷ്യൽ ഓഫീസർക്ക് അധികാരമില്ല എന്ന കാരണത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഏറ്റെടുക്കൽ ഉത്തരവുകൾ റദ്ദാക്കിയിട്ടുള്ളത്. |
| (ബി) | കേരള ഹൈക്കോടതിയിൽ സർക്കാരിന് വേണ്ടി പ്രസ്തുത കേസ് വാദിച്ചതാരാണെന്ന് അറിയിക്കുമോ; | (ബി) കേരള ഹൈക്കോടതിയിൽ സർക്കാരിന് വേണ്ടി പ്രസ്തുത കേസ് വാദിച്ചത് സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകനായ ശ്രീ ജയ്ദീപ് ഗുപ്തയായിരുന്നു. |

| | | |
|---|---|---|
| (സി) | ആവശ്യമായ രേഖകൾ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് പരാജയപ്പെട്ടതിനാലാണ് കേസിൽ തിരിച്ചടി നേരിട്ടതെന്ന് നേരത്തെ ഇത്തരം കേസുകളിൽ സർക്കാരിന് വേണ്ടി ഹാജരായിരുന്ന സുശീലാ ഭട്ടിന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | ഈ കേസിൽ അപ്പീൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി)യും (ഇ)യും ബഹു. ഹൈക്കോടതിയുടെ 11/4/2018 ലെ WP(C)33122/14-ലെ ഉത്തരവ് സംസ്ഥാന സർക്കാരിന്റെ താത്പര്യങ്ങൾക്കു ഹാനികരമായിട്ടുള്ളതാകായാൽ ടി വിധിക്കെതിരെ ബഹു.സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനു അഡ്വക്കേറ്റ് ജനറലിനു നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകുന്നതിനുള്ള സർക്കാർ തീരുമാനത്തെ ഈ കേസിലുണ്ടായ തിരിച്ചടി എത്രമാത്രം ബാധിച്ചുവെന്ന് വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ